Page 1 of 2

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന KEPCO, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും 240 sales outlet-കളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും sales outlet-കളും വരുന്നത് വഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്.

(ഡി) എം.എസ്.എം.ഇ. മുഖേന ബ്രോയിലർ ചിക്കൻ ഉല്പാദിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഇതുകാരണം സൃഷ്ടിക്കാൻ/വർദ്ധിപ്പിക്കാൻ ആകും എന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മുല്ലശ്ശേരി വെറ്ററിനറി ആശുപത്രി**

312 (4700) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ആശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കാക്കി ഉയർത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ മുല്ലശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്താനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു എങ്കിലും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കാനായില്ല.

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വീണ്ടും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി**

313 (4701) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള നഴ്സിംഗ് കോളേജുകൾ ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

&

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് എന്ന സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നകാര്യം പരിഗണിക്കുമോ?

(ബി&സി) ബാധകമല്ല.

**ചൊക്ലി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണം**

314 (4702) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ ചൊക്ലി ഗ്രാമ പഞ്ചായത്തിലെ മൃഗാശുപത്രിയുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ വിദഗ്ധ സമിതി പരിശോധിച്ച ശേഷം സമിതിയുടെ അഭിപ്രായവുംകൂടി ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതാണ്.

**പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം**

315 (4703) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly